**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**

**ചോദ്യം നം: - 27** — **11.06.2012 ൽ മറുപടിയ്ക്ക്**

## ബാങ്കുകളിൽ നിന്നുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് നയരൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.കെ.അജിത്<br>ശ്രീ.ഇ.കെ. വിജയൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചില ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വിദ്യാഭ്യാസ വായ്പ നൽകുന്നതിൽ ബാങ്കുകൾ വിമുഖത കാണിക്കുന്നത് സംബന്ധിച്ച ചില പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | തിരിച്ചടവ് ഉറപ്പാക്കാൻ കഴിയാത്തവരിൽ നിന്നും കൂടുതൽ പലിശ ഈടാക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | വായ്പകൾക്കുള്ള പലിശ നിയന്ത്രണം ഭാരതീയ റിസർവ്വ് ബാങ്ക് (RBI) എടുത്തു കളഞ്ഞതോടെ വായ്പക ളുടെ പലിശനിരക്ക് അതാതു ബാങ്കുകളാണ് തീരുമാനി ക്കുന്നത്. ഇത് അതാതു ബാങ്കുകളുടെ ബേസ് റേറ്റും റേറ്റിംഗിനും അനുസൃത മായിട്ടാണ് ഈടാക്കുന്നത്. ഇത് വിവിധ ബാങ്കുകളിൽ നിന്നെടുക്കുന്ന വിദ്യാഭ്യാസ വായ്പയ്ക്ക് വ്യത്യസ്ത പലിശനിരക്ക് ഈടാക്കുന്നതിന് കാരണമാകുന്നു. ഇതൊഴിവാക്കുന്നതിനായി വിദ്യാഭ്യാസ വായ്പയ്ക്ക് ഒരേ നിരക്കിലുള്ള പലിശ ഏർപ്പെടുത്തണമെന്ന ആവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വിദ്യാഭ്യാസ വായ്പയെടുത്ത കുട്ടിയോ, വരുമാന സ്രോതസ്സായ ഗൃഹനാഥനോ മരണപ്പെട്ടാൽ മാനുഷിക പരിഗണന നൽകി വായ്പാ തിരിച്ചടവിൽ നിന്നും ഒഴിവാക്കിക്കൊടുക്കാനുള്ള നിർദ്ദേശമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ നിർദ്ദേശം കർശനമായി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | ഇത്തരത്തിലുള്ള ഒരു നിർദ്ദേശം 23/5/2012ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രത്യേക സംസ്ഥാനതല ബാങ്കേഴ്സ് സമിതി യോഗത്തിൽ സർക്കാർ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ ടി നിർദ്ദേശം അപ്പാടെ നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ടെന്നും ഇതു സംബന്ധിച്ച ഓരോ കേസും വസ്തുനിഷ്ഠമായി പരിശോധിച്ച് അതാത് ബാങ്കിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി ഇളവുകൾ നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും ബാങ്ക് പ്രതിനിധികൾ അഭിപ്രായപ്പെട്ടു. |
| ഡി) | വിദ്യാഭ്യാസ വായ്പയ്ക്ക് ഒരു ഏകീകൃതനയം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | മെറിറ്റ് അടിസ്ഥാനപ്പെടുത്തിയുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് ഒരു ഏകീകൃത മാർഗ്ഗനിർദ്ദേശം ഇന്ത്യൻ ബാങ്ക്സ് അസോസ്സിയേഷൻ (IBA) പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മാനേജ്മെന്റ് ക്വാട്ട വഴിയുള്ള പ്രവേശനം ടി മാർഗ്ഗനിർദ്ദേശത്തിന്റെ പരിധിയിൽ വരുന്നില്ല. ഇതു സംബന്ധിച്ച നയം നിശ്ചയിക്കാനുള്ള അധികാരം നിലവിൽ അതാത് ബാങ്കുകളിൽ നിക്ഷിപ്തമാണ്. മാനേജ്മെന്റ് ക്വാട്ട വഴിയുള്ള പ്രവേശനത്തിന് കൂടി ഒരു ഏകീകൃതനയമെന്ന ആവശ്യകത കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ